**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1154** **09-10-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ ഫിഷറീസ് കോളേജിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ ഫിഷറീസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് അനുവദിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്ക് കോറോം വില്ലേജിൽ റീ സർവ്വെ 32/1 ൽ പ്പെട്ട 2.5375 ഹെക്ടർ ഭൂമി, റീ സർവ്വെ 33/1 ൽ പ്പെട്ട 2.5560 ഹെക്ടർ ഭൂമി (ആകെ 5.0935 ഹെക്ടർ ഭൂമി) കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) ന് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് സൗജന്യ നിരക്കായ ആർ ഒന്നിന് 100/- രൂപ നിരക്കിൽ കുഫോസ് ന് 30 വർഷത്തേക്ക് നിബന്ധനകളോടെ പാട്ടത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | അനുവദിച്ച ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2024 ജൂലൈ 18 ന് പാട്ട കരാറിൽ ഒപ്പ് വെച്ചു. തുടർന്ന്, വാർഷിക പാട്ട തുകയായ 50,935/- രൂപ വില്ലേജ് ഓഫീസിൽ അടച്ചു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തിയായി. ഗവൺമെന്റ് അംഗീകൃത ഏജൻസിയായ കേരള ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (KITCO) യെ തിരഞ്ഞെടുത്തു. |
| (സി) | കെട്ടിട നിർമ്മാണത്തിനായി 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>2023-24 : ബഡ്ജറ്റിൽ അനുവദിച്ച 33.5 കോടി രൂപ പദ്ധതി വിഹിതത്തിൽ നിന്ന് "അടിസ്ഥാന സൗകര്യ വികസനം" ഘടകത്തിൽ 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2024-25: ബഡ്ജറ്റിൽ അനുവദിച്ച 33.5 കോടി രൂപ പദ്ധതി വിഹിതത്തിൽ നിന്ന് "അടിസ്ഥാന സൗകര്യ വികസനം" ഘടകത്തിൽ 16.5 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ